**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 537** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ ഭാഷാപഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാൻ സഹായകരമാകുന്ന വിധത്തിൽ വിദേശ ഭാഷാപഠനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങളുടെ പുരോഗതി അറിയിക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരം പരിശീലന കേന്ദ്രങ്ങളിൽ അഡ്മിഷൻ ലഭിച്ചവരുടെ കണക്ക് ലഭ്യമാണോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100 പേർക്ക് വീതം IELTS, OET പരിശീലനങ്ങൾക്കായും, 40 പട്ടികവർഗ്ഗക്കാർക്ക് ഭാഷാ പരിശീലനം ലഭ്യമാക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാൻ സഹായകരമാകുന്ന പരിശീലനം ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPEC) എന്ന സർക്കാർ ഏജൻസി മുഖേന ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ബി) | ഈ വർഷം പ്രസ്തുത സൗകര്യം എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; സ്വകാര്യ സെന്ററുകളിൽ പരിശീലനം നൽകുന്നതിന് ഗ്രാന്റ് അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100 പേർക്ക് വീതം IELTS, OET പരിശീലനങ്ങൾക്കായും, 40 പട്ടികവർഗ്ഗക്കാർക്ക് ഭാഷാ പരിശീലനം ലഭ്യമാക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാൻ സഹായകരമാകുന്ന പരിശീലനം ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPEC) എന്ന സർക്കാർ ഏജൻസി മുഖേന ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് പരിശോധിച്ച് വരുന്നു. |
| (സി) | ഇതിനായി സ്വകാര്യ സെന്ററുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയാറാക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും അറിയിക്കാമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100 പേർക്ക് വീതം IELTS, OET പരിശീലനങ്ങൾക്കായും, 40 പട്ടികവർഗ്ഗക്കാർക്ക് ഭാഷാ പരിശീലനം ലഭ്യമാക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാൻ സഹായകരമാകുന്ന |

| | | | |
|---|---|---|---|
| | | | പരിശീലനം ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPEC) എന്ന സർക്കാർ ഏജൻസി മുഖേന ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ഡി) | എല്ലാ ജില്ലകളിലും ഇത്തരം ഭാഷാപരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കത്തക്ക വിധത്തിൽ വിപുലമായ ലിസ്റ്റ് തയാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിനും പ്ലസ് വൺ അഡ്മിഷൻ മാതൃകയിൽ കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ